ഇ-മെയിൽ- dimskerala@gmail.com/director.ims@kerala.gov.in
വെബ്സൈറ്റ് -www.ims.kerala.gov.in
ഫോൺ നം. 0471-2323960

നം.ബി4-5618/2020/ഡിഐഎംഎസ്

ഡയറക്ടറേറ്റ് ഓഫ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
തിരുവനന്തപുരം – 14.
**തീയതി: 30.06.2020**

# സർക്കുലർ

വിഷയം - **ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്** - COVID-19 -വകുപ്പിലെ ജീവനക്കാരെ Covid ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതുമായി ബന്ധപ്പെട്ടത് സംബന്ധിച്ച്

.............

കേരളത്തിലെ Covid-19 വ്യാപനം കണക്കിലെടുത്ത് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ജീവനക്കാരുടെ സേവനം കോവിഡ് പ്രതിരോധത്തിൽ അവശ്യമായി വരാവുന്ന സാഹചര്യം കണക്കിലെടുത്ത് ഡ്യൂട്ടിയ്ക്ക് പ്രാപ്തരായ ജീവനക്കാരുടെ ഒരു പട്ടിക തയ്യാറാക്കേണ്ടതുണ്ട്. ആയതിനായി താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

- കോവിഡ് ഡ്യൂട്ടിയ്ക്ക് അനുയോജ്യരായ ജീവനക്കാരുടെയും ഒഴിവാക്കേണ്ടവരുടെയും പ്രത്യേകം പട്ടിക ജില്ല തിരിച്ച് തയ്യാറാക്കുക. അനുയോജ്യരല്ലാത്തവരുടെ ലിസ്റ്റ്/ഒഴിവാക്കൽ ആരോഗ്യവകുപ്പ് ഡയറക്ടറിന്റെയോ പൊതുഭരണ വകുപ്പിന്റെയോ ഉത്തരവു പ്രകാരം ആയിരിക്കണം.
- ടെക്നിക്കൽ കമ്മിറ്റിയിൽ കോവിഡ് -19 ജില്ലാ നോഡൽ ഓഫീസർ, ഒരു ഫിസിഷ്യൻ, കൂടാതെ ജില്ലയുടെ ചുമതലയുള്ള മെഡിക്കൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തേണ്ടതുണ്ട്.
- മെഡിക്കൽ ഗ്രൗണ്ടിൽ അനുയോജ്യരല്ല എന്നുള്ള ജീവനക്കാർ ആരോഗ്യവകുപ്പിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം.
- നിലവിൽ ഗുരുതരമായ അസുഖങ്ങൾക്ക് ചികിത്സയിലുള്ളവർ അവരുടെ ചികിത്സാരേഖകളുടെ പകർപ്പുകൾ ഹാജരാക്കിയാൽ മതി.
- പ്രസ്തുത ജീവനക്കാരുടെ ഒഴിവാക്കൽ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനായി ജില്ലാ തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
- പ്രസ്തുത കമ്മിറ്റി ഒഴിവാക്കലിന് അപേക്ഷിക്കുന്ന ജീവനക്കാരുടെ രേഖകൾ പരിശോധിച്ച് അന്തിമ ലിസ്റ്റ് അനുബന്ധ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത പട്ടിക ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.
- റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ എംപ്ലോയ്മെന്റ് മുഖേന നടത്തുന്ന താൽക്കാലിക നിയമനങ്ങളുടെ അഭിമുഖം കോവിഡ് പ്രോട്ടോക്കോൾ പ്രകാരം നടത്താവുന്നതാണ്.
- ദ്വൈമാസ അവലോകന മീറ്റിംഗിൽ സമർപ്പിക്കാറുള്ള രേഖകൾ പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് യഥാസമയം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് വേണ്ടി**

**സ്വീകർത്താവ്**

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖല, കൊല്ലം/
മദ്ധ്യമേഖല, എറണാകുളം/ഉത്തരമേഖല, കോഴിക്കോട്.

പകർപ്പ്

എല്ലാ സൂപ്രണ്ടുമാർക്കും.

GS/-